**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4604</u>** **<u>29.6.2012-ൽ മറുപടിക്ക്</u>**

## <u>പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗത്തിന് നിയന്ത്രണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, ലൂഡി ലൂയിസ്<br>,, എം. എ. വാഹിദ് | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരങ്ങളിൽ പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കാമോ;<br><br>ബി) എത്ര മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ബാഗുകളാണ് നിരോധിച്ചിട്ടുള്ളത്; | എ) & ബി) നഗരങ്ങളിൽ പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് 40 മൈക്രോണിൽ താഴെ കട്ടിയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിക്കുന്നതിനും, അതനുസരിച്ച് നിരോധനം നടപ്പിലാക്കാൻ ആവശ്യമായ നടപടിക്രമങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 40 മൈക്രോണിൽ താഴെ കട്ടിയുള്ളയുള്ളതും, 20 –30 സെ.മി ന് താഴെ വലിപ്പമുള്ളതുമായ പ്ലാസ്റ്റിക് സഞ്ചികൾ ഉല്പാദിപ്പിക്കുന്നതും കടത്തികൊണ്ടുപോകുന്നതും വില്പന നടത്തുന്നതും ഉപയോഗിക്കുന്നതും നിരോധിച്ചു കൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തത് സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്. |
| സി) നിരോധിച്ച ബാഗുകളുടെ ശേഖരണം ഫലപ്രദമാക്കാൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്; വിശദമാക്കാമോ; | സി) നിരോധനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. കൂടാതെ നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി സംസ്ഥാന സർക്കാർ നിർദ്ദേശിച്ച പ്രകാരം(ബോധവൽക്കരണപ്രവർത്തനങ്ങൾ, നിലവിലുള്ള മാലിന്യങ്ങൾ നീക്കംചെയ്യാൻ, ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തൽ, നിരോധികപ്പെട്ടവ കണ്ടുകെട്ടൽ, പിഴചുമത്തൽ, ഊർജ്ജിത ബഹിഷ്കരണവാരം ആചരിക്കൽ തുടങ്ങിയവ നടപ്പിലാക്കാനും പ്ലാസ്റ്റിക് കവറുകളുടെ വില നിശ്ചയിക്കാനും കവറുകൾ സൗജന്യമായി വിതരണം.ചെയ്യുന്നത് നിരോധിക്കാനുള്ള നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. |
| ഡി) പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ വില നിശ്ചയിക്കുവാനുള്ള അധികാരം ആർക്കാണ് നൽകിയിട്ടുള്ളത്? | അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഇതിനുള്ള അധികാരം ഉള്ളത്. |

**സെക്ഷൻ ഓഫീസർ**